# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3931 — 19.03.2018-ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി നികുതി ഒടുക്കുന്നതിനുള്ള സംവിധാനം

| ചോദ്യം : | മറുപടി : |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ<br>,, വി.കെ.ഇബ്രാഹിം കുഞ്ഞ് | ഇ. ചന്ദ്രശേഖരൻ<br>റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി |
| (എ) വില്ലേജ് ഓഫീസുകളിൽ ഓൺലൈനായി നികുതി ഒടുക്കുന്നതിനുള്ള സംവിധാനവും ഹൈടെക് നികുതി രസീത് സംവിധാനവും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; | (എ) റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാനവുമായി സംയോജിപ്പിച്ചുകൊണ്ട് സമഗ്രമായ ഒരു ഇ-പെയ്മെന്റ് പ്ലാറ്റ്ഫോം വികസിപ്പിച്ചെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി പരീക്ഷണാടിസ്ഥാനത്തിൽ ആദ്യഘട്ടത്തിൽ ഈ സംവിധാനം വയനാട്, കോട്ടയം എറണാകുളം ജില്ലകളിൽ നടപ്പിലാക്കി വരുന്നു. |
| (ബി) പോക്കുവരവും നികുതി അടവും പൂർണ്ണമായും ഓൺലൈൻ സംവിധാനത്തിൽ ആക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ, | (ബി) ഭൂസംബന്ധമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ വകുപ്പുകൾ നൽകുന്ന സേവനങ്ങളെ പരസ്പരം ബന്ധപ്പെടുത്തി, കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമിയുടെ പോക്കുവരവ് ആധുനിക വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ വേഗത്തിലും, സുതാര്യമായും, കുറ്റമറ്റരീതിയിലും നടപ്പിലാക്കുകയും ഏകോപിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശലക്ഷ്യത്തോടുകൂടിയാണ് സംയോജിത ഓൺലൈൻ പോക്കുവരവ് പദ്ധതി നടപ്പിലാക്കുന്നത്.<br>സംസ്ഥാനത്തെ റീസർവ്വേ പൂർത്തിയായതും അല്ലാത്തതുമായ എല്ലാ വില്ലേജുകളിലേയും ഭൂവിവരങ്ങൾ ഘട്ടം ഘട്ടമായി ഡിജിറ്റൈസ് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിച്ചുവരുന്നു. റീസർവ്വേ പൂർത്തിയായ വില്ലേജുകളിലെ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ ഡിജിറ്റൈസ് ചെയ്ത് ഓൺലൈൻ സേവനങ്ങളായ ഇ-പോക്കുവരവും തുടർന്നുള്ള ഭൂനികുതി ശേഖരണവും നടപ്പിലാക്കുന്നതാണ് പദ്ധതിയുടെ ആദ്യഘട്ടം. അനുക്രമമായി തണ്ടപ്പേർ വിവരങ്ങളും ഭൂരേഖാ സംവിധാനവുമായി സംയോജിപ്പിക്കുന്നു.<br>റവന്യൂ വകുപ്പിലെ വിവിധ നികുതികൾ, സാമ്പത്തിക സേവനങ്ങൾ, വിവിധ ഇനം |

ഫീസുകൾ എന്നിവ ഇ-ട്രഷറി സംവിധാന വുമായി സംയോജിപ്പിച്ച കൊണ്ടാണ് ഇ-പെയ്മെന്റ് സംവിധാനം നടപ്പിലാക്കിയിരിയ്ക്കുന്നത്. സംസ്ഥാനത്ത് ആകെയുള്ള 1664 വില്ലേജുകളിൽ 1472 എണ്ണത്തിൽ ഓൺലൈൻ പോക്കുവരവ്, ഓൺലൈൻ ഭൂനികതി സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവശേഷിക്കുന്ന വില്ലേജുകളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ധ്രുതഗതിയിൽ നടന്നു വരുന്നു.

| | |
|---|---|
| (സി) ഇതിലേക്കായി കമ്പ്യൂട്ടർ തുടങ്ങിയ ഉപകരണങ്ങൾ ആവശ്യമായ അളവിൽ വില്ലേജ് ഓഫീസുകൾക്ക് ലഭ്യമാക്കിയിട്ടുണ്ടോ; വിശദീകരിക്കാമോ? | (സി) ഈ പദ്ധതിയുടെ ഭാഗമായി എല്ലാ വില്ലേജുകളിലും ഓരോ കമ്പ്യൂട്ടർ വീതം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരി ച്ചിട്ടുണ്ട്. സ്റ്റേറ്റ് പ്ലാൻ ഫണ്ട് 2016-2017, DILRMP ഫണ്ട് എന്നിവയിലുൾപ്പെടുത്തി 735 കമ്പ്യൂട്ടറുകൾ വില്ലേജുകളിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 2017-2018 സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 810 കമ്പ്യൂട്ടറുകളുടെ വിതരണം വില്ലേജ് ഓഫീസുകളിൽ നടന്നു വരുന്നു. |

**സെക്ഷൻ ഓഫീസർ**

RG